**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **24-06-2024 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി അവയുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുമെന്ന ഭരണപക്ഷ മുന്നണിയുടെ പ്രകടന പത്രികയിലെ വാഗ്ദാനം ഈ സർക്കാരിന് എത്രത്തോളം യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുമെന്ന് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഉൾപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ അവയെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കിട്ടുള്ളത്. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ 9467.10 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി അടുത്ത പത്തു വർഷത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന തരത്തിലാണ് മാസ്റ്റർപ്ലാനിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി രൂപരേഖകളുടെയും ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കുക. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് [Detailed Project Report-DPR] വിലയിരുത്തിയതിനു ശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയുമാണ് നടപ്പിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണപദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ ധനസഹായത്തിന് പുറമെ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതോടു കൂടി പ്രസ്തുത സ്ഥാപനങ്ങളിൽ അധിക നിക്ഷേപം ഉണ്ടാകുകയും സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുകയും അതിലൂടെ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത്. |
| (ബി) | ഈ മേഖലയിൽ വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | (ബി) | പൊതുമേഖല സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടേയുള്ളൂ. ഹ്രസ്വകാല-ഇടക്കാല-ദീർഘകാലം എന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും സർക്കാരിന്റെയും ബി.പി.റ്റിയുടേയും നിരന്തരമായ ഇടപെടലുകളിലൂടെയും, വിവിധ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അവയുടെ ആവശ്യകത കണക്കാക്കി സർക്കാർ ധനസഹായം ലഭ്യമാക്കിയതിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവും പ്രവർത്തന ലാഭവും മെച്ചപ്പെട്ടിട്ടുള്ളതായാണ് പൊതുവേ കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ഈ സർക്കാർ അടച്ചു പൂട്ടിയിട്ടില്ല. കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപങ്ങളെ കൂടി ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ബദൽ വികസന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി 2022 നവംബർ മുതൽ ഉത്പാദനം ആരംഭിച്ച് 2024 മെയ് മാസത്തിൽ ഏറ്റവും ഉയർന്ന പ്രതിമാസ ഉൽപ്പാദനമായ 5236 ടണിൽ എത്തിക്കുവാൻ സാധിച്ചു.<br><br>കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന സംയുക്ത സംരഭമായിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന പേരിൽ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി 01.04.2022 മുതൽ പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ